# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3196** **07.02.2018-ൽ മറുപടിയ്ക്ക്**

## കടലാക്രമണ ഭീഷണി നേരിടുന്നവരുടെ പുനരധിവാസം

ചോദ്യം
ശ്രീമതി യു. പ്രതിഭ ഹരി

മറുപടി
ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

കായംകുളം മണ്ഡലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കടലാക്രമണ ഭീഷണി നിലനിൽക്കുന്ന മേഖലയിൽ തീരത്തോട് ചേർന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തീര പ്രദേശത്ത് നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി സി.ആർ.ഇസഡ്. അനുവദനീയമായ സ്ഥലത്ത് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങി വീട് വെയ്ക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി (2017-18) നടപ്പിലാക്കി വരുന്നു. ഇപ്രകാരം ആലപ്പുഴ ജില്ലയിൽ 120 യൂണിറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 85 ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി പദ്ധതി പൂർത്തീകരിച്ചുവരുന്നു. കായംകുളം മണ്ഡലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് സ്വന്തമായി ഭൂമി ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി 2016-17 യിൽ ഉൾപ്പെടുത്തി വലിയഴീക്കൽ, തറയിൽക്കടവ് മത്സ്യഗ്രാമങ്ങളിൽ നിന്ന് ഓരോ ഗുണഭോക്താക്കളെ വീതം തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 2017-18 - ലെ ഭൂരഹിത/ഭവന രഹിതർക്കായുള്ള പദ്ധതിയിൽ തറയിൽക്കടവിൽ നിന്നും 1 ഗുണഭോക്താവിനെ കൂടി തെരഞ്ഞെടുത്തിട്ടുണ്ട്.

2017-18 - ലെ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി വീട് വെയ്ക്കുന്ന പദ്ധതിയിൽ ആലപ്പുഴ ജില്ലയ്ക്കായി അനുവദിച്ച 120 യൂണിറ്റുകളിൽ 108 ഗുണഭോക്താക്കളെ താഴെ പറയും പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്

| | |
|---|---|
| തറയിൽക്കടവ് | - 1 |
| കള്ളിക്കാട് | - 1 |
| ആറാട്ടുപുഴ | - 2 |
| പുറക്കാട് | - 39 |
| അമ്പലപ്പുഴ | - 32 |
| നീർക്കുന്നം | - 23 |
| വാടയ്ക്കൽ നോർത്ത് | - 10 |
| ആകെ | - 108 |

ബാക്കി 12 ഗുണഭോക്താക്കളെ ഉടൻ തെരഞ്ഞെടുക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**